**ധനമന്ത്രിയുടെ പത്രക്കുറിപ്പ്** **2016 ഡിസംബർ 28**

## നോട്ടുനിയന്ത്രണം മറികടന്ന് ക്ഷേമപ്പെൻഷൻ ഇക്കുറിയും വീടുകളിൽ

# 1055 കോടി രൂപ 33.58 ലക്ഷം പേർക്ക്

ക്ഷേമപ്പെൻഷനുകൾ കുടിശിക തീർത്ത് ഇത്തവണയും വീടുകളിൽ എത്തിച്ചുതുടങ്ങി. ഇപ്പോൾ 33.58 പേർക്ക് 1055 കോടി രൂപയാണു വിതരണം ചെയ്യുന്നത്. ഡിസംബർ 31നകം വിതരണം പൂർത്തിയാക്കും. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പെൻഷനാണ് ഇപ്പോൾ നൽകിയിട്ടുള്ളത്.

പെൻഷൻ വീട്ടിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട 16 ലക്ഷം പേർക്ക് 506.7 കോടി രൂപ സഹകരണബാങ്കുകൾ വഴി തിങ്കളാഴ്ചമുതൽ നൽകിത്തുടങ്ങിത്. ബാക്കി 17.58 ലക്ഷം പേർക്ക് 548.6 കോടി രൂപ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നേരിട്ടു കൈമാറുകയും ചെയ്തു. വിതരണത്തിനു വേണ്ട മുഴുവൻ പണവും നേരത്തേതന്നെ അനുവദിച്ചുനൽകിയിരുന്നു.

സാമൂഹികസുരക്ഷാ പെൻഷനുകളുടെയും വിവിധ ക്ഷേമനിധി പെൻഷനുകളുടെയും വിതരണത്തിലെ അവ്യവസ്ഥകൾ നീക്കാനും സമഗ്രമായ ഡേറ്റാബേസ് തയ്യാറാക്കാനുമുള്ള ശ്രമത്തിലാണു സർക്കാർ. അതുകൊണ്ടാണു കഴിഞ്ഞ രണ്ടുമാസം പെൻഷൻ വിതരണം ചെയ്യാൻ കഴിയാതിരുന്നത്. എന്നാൽ, ആ പ്രവർത്തനം ഏതാണ്ടു പൂർത്തിയായിക്കഴിഞ്ഞു.

സാമൂഹികസുരക്ഷാ പെൻഷനുകൾക്കു കൃത്യമായ വിവരശേഖരം നേരത്തേതന്നെയുണ്ട്. അതു പൂർണ്ണമായും വിതരണം ചെയ്തു. പല ക്ഷേമനിധിബോർഡിലും വിവരസഞ്ചയമുണ്ട്. അവയ്ക്കും പകുതിയിൽക്കൂടുതൽ അംഗങ്ങളുടെ വിവരങ്ങൾ വിശദമായി പരിശോധിച്ചു സമഗ്രവിവരസഞ്ചയത്തിലേക്കു ലഭ്യമാക്കിയ ക്ഷേമനിധി ബോർഡുകൾക്കും പെൻഷൻ വിതരണം ചെയ്യാൻ അനുമതി നൽകിയിട്ടുമുണ്ട്. ശേഷിച്ച വിവരങ്ങൾ

ബോർഡുകൾ രണ്ട് ആഴ്ചയ്ക്കകം ലഭ്യമാക്കുമെന്നാണു പ്രതീക്ഷിക്കുന്നത്. അതോടെ ബാക്കിയുള്ള പെൻഷനും വിതരണം ചെയ്യും.

വിവരങ്ങളെല്ലാം സേവന എന്ന പൊതുസോഫ്റ്റ്‌വെയറിൽ സമാഹരിക്കുകയാണ്. ഈ പ്രവർത്തനം പൂർണ്ണമായാൽ സംസ്ഥാനത്തെ 60 വയസു കഴിഞ്ഞ മുഴുവൻ പേർക്കും പെൻഷൻ ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കാനാണു സർക്കാർ ഉദ്ദേശിക്കുന്നത്. മുഴുവൻ പേരെയു സാമൂഹികസുരക്ഷാവലയിൽ കൊണ്ടുവരിക എന്നതാണു ലക്ഷ്യം. പെൻഷനുകൾ കൊല്ലംതോറും 100 രൂപവീതം കൂട്ടുമെന്നു ധനമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെട്ടാൽ വിവിധ തൊഴിൽമേഖലകളിൽ വിരമിക്കൽപെൻഷനുകൾ ആരംഭിക്കാനും ആലോചനയുണ്ട്.

എന്നാൽ ഒന്നിലധികം പെൻഷനുകൾ ലഭിക്കുന്ന ധാരാളം പേർ ഉണ്ട്. ഇത് അർഹതപ്പെട്ടവർക്കിടയിലുള്ള അസമത്വവും അനീതിയുമാണ്. ഇതു പരിഹരിക്കേണ്ടതുണ്ട്. അതിനുശേഷമേ പെൻഷൻപദ്ധതി വിപുലപ്പെടുത്താനാകൂ. കൂടാതെ പെൻഷനുകൾ വേഗം വിതരണം ചെയ്യാനും ഒറ്റ വിവരസഞ്ചയം ആവശ്യമാണ്.

കറൻസിനിയന്ത്രണത്തിന്റെ തടസങ്ങൾ പെൻഷൻവിതരണത്തെ ബാധിക്കാതിരിക്കാൻ പ്രത്യേക സംവിധാനം ഉണ്ടാക്കിയാണ് വിതരണം സാദ്ധ്യമാക്കിയത്. പഞ്ചായത്ത് ഡയറക്ടർ ഇതിനുള്ള പൂൾ അക്കൗണ്ട് എന്ന നിലയിൽ ഒരു സാമൂഹികസുരക്ഷാ പെൻഷൻ അക്കൗണ്ട് ട്രഷറിയിൽ തുറന്നു. സഹകരണ ജോയിന്റ് രജിസ്റ്റ്രാർ ജില്ലാട്രഷറികളിലും വിവിധ പ്രാഥമികസംഘങ്ങൾ അവർക്ക് അടുത്തുള്ള ട്രഷറികളിലും ഇതിനായി അക്കൗണ്ട് തുടങ്ങി. ഇവ വഴിയാണു പണം കൈമാറിയത്. പ്രാഥമിക സംഘങ്ങളിൽ ക്യാഷ് ബാലൻസും വിവിധ പ്രതിദിനവരവുകളും ഉള്ളതിനാൽ കറൻസിക്കു ബുദ്ധിമുട്ടില്ലാതെ വിതരണം ചെയ്യാനും കഴിയുന്നു.

ഈ ആവശ്യത്തിന് ഡിസംബർ 26 മുതൽ 31 വരെ ഓരോ ദിവസവും ശരാശരി 100 കോടിരൂപവീതം 506 കോടി രൂപ വേണ്ടിവരുമെന്നും അതു ലഭ്യമാക്കണമെന്നും അതു വിനിയോഗിക്കാൻ തടസങ്ങൾ ഒഴിവാക്കണമെന്നും സർക്കാർ റിസർവ്വ് ബാങ്കിനോട് നേരത്തേതന്നെ ആവശ്യപ്പെട്ടിരുന്നു. ട്രഷറി ഡയറക്ടർ ഇതുസംബന്ധിച്ച് കത്തയച്ചിരുന്നു.